"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപറേഷൻ - മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല ജനറൽ മാനേജർക്ക് നൽകിയ നടപടി സാധൂകരിക്കുന്നു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.3115/2026/GAD തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:- 1. സ.ഉ(സാധാ) നം.2901/2026/പൊഭവ തീയതി 09.06.2026

2. 16.06.2026 ലെ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ജനറൽ മാനേജരുടെ 240/A1/2023/KSWCFC നമ്പർ കത്ത്

**ഉത്തരവ്**

പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും, കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറുമായ ശ്രീമതി.ദേവി.എൽ.ആർ (പെൻ: 101671) നെ കൃഷി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായി പരാമർശിത ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. ടി യാൾ 11/06/2026 പൂർവ്വാഹ്നം മുതൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ തസ്തികയുടെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യുകയും , കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥ പ്രകാരം സേവനമനുഷ്ഠിച്ച് വരുന്ന പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ.കെ.ജി.ഹരികൃഷ്ണന് (പെൻ നം. 125353), 11/06/2026 പൂർവ്വാഹ്നം മുതൽ മാനേജിംഗ് ഡയറക്ടർ തസ്തികയുടെ അധിക ചുമതല (Current duties) നൽകുകയുമുണ്ടായി.

**2.** പ്രസ്തുത സാഹചര്യത്തിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ തസ്തികയുടെ അധികചുമതല കോർപ്പറേഷനിലെ ജനറൽ മാനേജർ ശ്രീ.കെ.ജി.ഹരികൃഷ്ണന് 11/06/2026 പൂർവ്വാഹ്നം മുതൽ നൽകിയ മേൽ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL JOHNEY
അഡിഷണൽ സെക്രട്ടറി

ജനറൽ മാനേജർ & മാനേജിംഗ് ഡയറക്ടർ(i/c) , കേരളാ സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്, എൽ-2, കുലീന, ജവഹർ നഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ &ഇ,ആഡിറ്റ്), കേരള, തിരുവനന്തപുരം
അണ്ടർ സെക്രട്ടറി (പൊതുഭരണ ഏകോപനം) വകുപ്പ്
ധനകാര്യ വകുപ്പ്
പൊതുഭരണ(സ്പെഷ്യൽ-ബി) വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sabu T K**
**Date: 22-06-2026 16:37:09**
സെക്ഷൻ ഓഫീസർ